ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം 26-3-1996-ലെ 13233/എ്ഫ്1/95/എസ്.സി.എസ്.ടി.ഡി.ഡി. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ&എഫ്) ഉണ്ട്.

(ജി-ഐ) പരിശോധിച്ചുവരുന്നു.

റവന്യൂ വകുപ്പിലെ നിയമനങ്ങൾ

47 (1598) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. പരീക്ഷയെഴുതി റിസ്റ്റിൽ സ്ഥാനം പിടിച്ച ഉദ്യോഗാർത്ഥികളുടെ 2006-07, 2007-08, 2008-09, 2009-10, 2010-11 വർഷത്തെ എണ്ണം എത്രയുണ്ട് എന്ന് വിശദീകരിക്കുമോ ;

(ബി) ഏതെല്ലാം ഒഴിവുകളിലേക്കാണ് പ്രസ്തുത പരീക്ഷകൾ നടന്നത് എന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും റവന്യൂ വകുപ്പിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) റവന്യൂ വകുപ്പിലെ ഏതെല്ലാം തസ്തികയിലേക്കാണ് പ്രസ്തുത നിയമനങ്ങൾ നടന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

48 (1599) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി 962 തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വീഴ്ചയ്ക്ക് ഉത്തരവാദികളായ വകുപ്പ് മേധാവികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ വർഷവും ജനുവരി 1-ാം തീയതി അടിസ്ഥാനമാക്കി സർക്കാർ സർവ്വീസിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം അവലോകനം നടത്തുകയും 10% (പട്ടികജാതി-8%, പട്ടികവർഗ്ഗം-2%) പ്രാതിനിധ്യം ലഭ്യമായിട്ടില്ലാത്ത വകുപ്പുകളിൽ ആനുപാതികമായ എണ്ണം തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുന്നതിനായി സംവരണം നടത്തി അതാത് വകുപ്പുകളെയും പി.എസ്.സി.-യെയും അറിയിക്കുകയും ചെയ്യുന്നു. കൂടാതെ നിയമനത്തെ സംബന്ധിച്ച് അതാത് വകുപ്പുകളിൽനിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് ശേഖരിക്കുകയും അവലോകനം നടത്തി റിപ്പോർട്ട് അതാത് വകുപ്പുകൾക്ക് നൽകുകയും ചെയ്തുവരുന്നു. കൂടുതൽ നിയമന കുടിശ്ശികയുള്ള വകുപ്പുമേധാവികളുടെ യോഗം വിളിച്ചുചേർത്ത് നിയമന പുരോഗതി വിലയിരുത്തുകയും, ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളെ സംബന്ധിച്ച് നിയമനം ത്വരിതപ്പെടുത്തുവാൻ സർക്കാർ തലത്തിൽ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു സമിതിയും ഇതിനായി നിലവിലുണ്ട്. 2007 ഏപ്രിൽ മാസത്തെ മാസാവലോകന റിപ്പോർട്ട് പ്രകാരമാണ് വിവിധ വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത 962 തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുവാനുള്ളതായി കാണപ്പെടുന്നത്. ഇവയിൽ നിരവധി തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. കൂടാതെ 2007 ഏപ്രിലിനുശേഷം വിവിധ വകുപ്പുകളിലായി 494 തസ്തികകൾ സംവരണം ചെയ്യുകയുമുണ്ടായി. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്ത 1014 ഒഴിവുകളിലേയ്ക്കുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോടതി കേസുകൾ, സീനിയോറിറ്റി തർക്കം, സ്പെഷ്യൽ റൂളുകളുടെ അഭാവം, യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടാതെ വരിക തുടങ്ങിയ വിവിധ കാരണങ്ങളാലാണ് നിയമനം വൈകുന്നതെന്നതിനാൽ മനഃപൂർവ്വമായ വീഴ്ചയുള്ളതായി കണക്കാക്കാനാവില്ല.

ഡ്രൈവർ ഗ്രേഡ് (എൽ.ഡി.വി.) പരീക്ഷയുടെ റാങ്ക് ലിസ്റ്റ്

49 (1600) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ൽ പി.എസ്.സി. നടത്തിയ ഡ്രൈവർ ഗ്രേഡ്-2 (എൽ.ഡി.വി.) പരീക്ഷയുടെ റാങ്ക്ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിക്കാത്തകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly